ശ്രീ. എ. ജെ. ജോൺ:

(എ) ഉണ്ട്.

(ബി) ഫൻ ൽ ഠ-ൽ പദ്ധതിയനുസരിച്ചുള്ള വിശദാംശങ്ങൾ പഠിച്ചുവരികയാണ്.

(സി) ഈ കേന്ദ്രത്തിനു് ആവശ്യമായ ഉദ്ദേശം അഞ്ചുലക്ഷം രൂപാ വില വരുന്ന ഉപകരണങ്ങൾ United Nations International Children Emergency Fund മുഖേന നൽകുന്നതാണു്. കൂടാതെ കേന്ദ്രത്തിലുള്ളവരെ പരിശീലിപ്പിക്കുന്നതിനു് വിദഗ്ദ്ധരായ വിദേശികളേയും ഇങ്ങോട്ടയയ്ക്കുന്നതായിരിക്കും.

ക്ഷയരോഗനിവാരണകേന്ദ്രം

*വ്യ൫൩. (വ്യ ൨) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇൻഡ്യാഗവൺമെണ്ടു് തിരുവനന്തപുരത്തു സ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ക്ഷയരോഗനിവാരണ കേന്ദ്രത്തിനു് തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റു് ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും സംഖ്യ കൊടുക്കേണ്ടതായിട്ടുണ്ടോ;

(ബി) അതിനെപ്പറ്റിയുള്ള ആലോചനകളെല്ലാം കഴിഞ്ഞിരിക്കയാണോ?

ശ്രീ. എ. ജെ. ജോൺ:

(എ) കേന്ദ്രത്തിനാവശ്യമായ കെട്ടിടസൌകര്യം, ഇവിടെനിന്നും കേന്ദ്രത്തിന്റെ ആവശ്യത്തിനായി നിയമിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, അവർക്കു പരിശീലനം നൽകുന്നതിനായി വരുന്ന വിദേശികൾക്കു വേണ്ട താമസസൌകര്യം, അവർ ഇവിടെ താമസിക്കുന്ന കാലത്തേക്കുള്ള subsistence allowance മുതലായവ ഈ ഗവൺമെണ്ടു് നൽകേണ്ടതാണു്.

(ബി) ഇല്ല. തുടർന്നുകൊണ്ടിരിക്കയാണു്.

Questions Posted for Answer on 15th March 1950

കോടതി നിറുത്തൽ

*വ്യ ൫൭. (൫൧) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മനിസ്റ്റർ സദയം മറുപടി നൽകുമോ.—

ഏതെങ്കിലും കോടതി നിറുത്തലാക്കുവാൻ ആലോചനയുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ?

ശ്രീ. ടി. കെ. നാരായണപിള്ള:

ഇപ്പോൾ ആലോചിക്കുന്നില്ല.

എറണാകുളം ടൗൺ ഫ്ലാ-----

*വ്യ൫൮. (൫൨) സാഹിബ് ബഹദൂർ വി. ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) എറണാകുളം ടൗൺ സ്റ്റേഷനിൽ ഫ ഫ ഫ ൩-ലോ, ഫ ഫ ഫ ൪-ലോ കള്ളന്മാർ വാതിൽപൊളിച്ചു അകത്തു കടന്നു പെട്ടിപെ ളിച്ചു കുറെ രത്നങ്ങൾ മോഷ്ടിച്ചു കൊണ്ടു പോയി എന്നു് ഒരു കേസ്സു് രജിസ്റ്റർ ചെയ്തുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കള്ളന്മാർ ആരായിരുന്നു.

(സി) അവർക്കു എന്തു ശിക്ഷ നൽകി?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) അപ്രകാരം ഒരു കേസു് രജിസ്റ്റർ ചെയ്തിട്ടില്ല.

(ബി-യും, സി-യും) 'എ'-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

KUDIKIDAPPUKAR

*859. [57] **Sri. Eapen Arakal:** Will the Hon'ble the Chief Minister be pleased to state the number of "Kudikidappukars" who have got their names registered as per rules of the Prevention of Eviction Act in the Taluks of 1. Shertallai; and 2. Ambalapuzha?

LIBRARY ARCHIVES Kerala Legislative Assembly